പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4242 — 12.11.2019-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യുടെ കേരള ഫൈബർ ഒപ്ടിക് നെറ്റ് വർക്ക് പദ്ധതി

| | ചോദ്യം<br>ശ്രീ. റോജി എം. ജോൺ<br>" അൻവർ സാദത്ത്<br>" അനിൽ അക്കര<br>" എ.പി. അനിൽ കുമാർ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി., ഐ. റ്റി. മിഷനുമായി ചേർന്ന് കേരള ഫൈബർ ഒപ്ടിക് നെറ്റ് വർക്ക് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വൈദ്യുതി ബോർഡിന്റെ വിപുലമായ നെറ്റ് വർക്ക് സംവിധാനം ഈ പദ്ധതിയ്ക്കായി ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (ബി) | പി.എസ്.ഡി.എഫ് സഹായത്തോടെ കെ. എസ്. ഇ. ബി എൽ - നടപ്പിലാക്കുന്ന റിലയബിൾ കമ്മ്യൂണിക്കേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പ്രസ്തുത കേരള ഫൈബർ ഒപ്ടിക് നെറ്റ് വർക്ക് (കേഫോൺ) പ്രോജക്ടിന്റെ പാക്കേജ് ബി യുടെ ഭാഗമായി ഉൾപ്പെടുത്തി ചെയ്തുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള പ്രസരണ ശൃംഖലയുടെ റൈറ്റ് ഓഫ് വേയിൽ കൂടി ഒപ്ടിക്കൽ ഫൈബർ ഗ്രൗണ്ട് വയർ (O.P.G.W) വലിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം വലിയ്ക്കുന്ന 48 ഫൈബറിൽ 24 എണ്ണം പാക്കേജ് ബി-യിൽ ഉൾപ്പെട്ട റിലയബിൾ കമ്മ്യൂണിക്കേഷൻ പ്രോജക്ടിനുവേണ്ടി കെ. എസ്. ഇ. ബി. എൽ- ന്റെ ഉപയോഗത്തിന് വേണ്ടിയുള്ളതാണ്. ബാക്കിയുള്ള 24 ഫൈബർ കേരള ഫൈബർ ഒപ്ടിക് നെറ്റ് വർക്ക് (കെഫോൺ)-ന് റിക്വസ്റ്റ് ഓഫ് യൂസ് അടിസ്ഥാനത്തിൽ കൊടുത്തിട്ടുണ്ട്. |
| (സി) | കെ-ഫോൺ പദ്ധതിയ്ക്കായി കെ. എസ്. ഇ. ബി. ജീവനക്കാരുടെ സേവനം എപ്രകാരമാണ് ഉപയോഗിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | കെ.ഫോൺ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി ഒരു ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ സേവനം ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒരു എക്സിക്യൂട്ടീവ് എൻജിനീയറും രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരും വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിലും തങ്ങളുടെ സേവനം ഈ പദ്ധതിയ്ക്കായി ലഭ്യമാക്കി വരുന്നു. പദ്ധതിയുടെ ആവിഷ്കരണഘട്ടത്ത് കെ. എസ്. ഇ. ബി ജീവനക്കാർ മേൽനോട്ടം വഹിക്കുന്നതാണ്. |
| (ഡി) | ഈ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി യുടെ പോസ്റ്റ് ഉൾപ്പെടെയുള്ളവ ഉപയോഗിക്കുന്നതിന് എന്ത് ഫീസ് ഈടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | ഈ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി-യുടെ പോസ്റ്റ് ഉപയോഗിക്കുന്നതിനും, നിലവിലുള്ള നിരക്കിൽ പോൾ റെന്റ് ഈടാക്കാനും തീരുമാനിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ